അപ്പൻറിക്സ്.എച്ച് 4

## കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആരോഗ്യവകുപ്പ്-വിജിലൻസ്-ജില്ലാ ആശുപത്രിയിലെ നേഴസിംഗ് ഓഫീസാറായ ശ്രീമതി മഞ്ജു.ആർ ന് എതിരെയുള്ള അച്ചടക്ക നടപടി -തീർപ്പാക്കി കൊണ്ടുള്ള ഉത്തരവ്-പുറപ്പെടുവിക്കുന്നു

പരാമർശം: -1. എ 5/32116/24 ജി.മെ.ഒ(ആരോഗ്യം),കൊല്ലം എന്ന നമ്പർ പ്രകാരമുള്ള ഫയൽ
2.കത്ത് നം.ഇ 1/13583/24 സൂപ്രണ്ട്,ജില്ലാ ആശുപത്രി,കൊല്ലം തീയതി 07/10/24
3. കത്ത് നം.ഇ 1/13583/24 പ്രണ്ട്,ജില്ലാ ആശുപത്രി,കൊല്ലം തീയതി 13/09/24
4. കുറ്റാരോപണ മെമ്മോ എ 6/3216/24 ജി.മെ.ഒ(ആരോഗ്യം),കൊല്ലം തീയതി 20/11/24
5. കത്ത് നം. എ 3/16819/24 സൂപ്രണ്ട്,ജില്ലാ ആശുപത്രി,കൊല്ലം തീയതി 09/12/24
6. കത്ത് നം.എ 6/3216/24/ജി.മെ.ഓ(കൊ) തീയതി 09/01/25
7 .ഉത്തരവ് നം. എ 6/3216/24 ജി.മെ.ഓ(കൊ) തീയതി 10/02/25
8. അന്വേഷണ നോട്ടീസ് നം.എ 6/3216/24 ജി.മെ.ഒ(ആരോഗ്യം),കൊല്ലം തീയതി 10/02/25
9. കത്ത് നം..എ 8/2518/25 സൂപ്രണ്ട്,ജില്ലാ ആശുപത്രി തീയതി 20/02/25
10. കത്ത് നം.എ 6/32116/24.ജി.മെ.ഒ(ആരോഗ്യം),കൊല്ലം തീയതി 27/02/25
11. ഡോ.ശ്രീഹരി.എ.ആർ ഡെ.ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് തീയതി 06/03/25
12.കാരണം കാണിക്കൽ നോട്ടീസ് നം.എ 6/3216/24 ജി.മെ.ഓ(കൊ) തീയതി
13. കത്ത് നം.എ 6/3216/24 ജി.മെ.ഒ(ആരോഗ്യ)കൊല്ലം തീയതി

### ഉത്തരവ് നം. എ 6/3216/2024 ജി.മെ.ഓ (കൊല്ലം) തീയതി 28/05/25

ശ്രീമതി മഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ തുടരവേ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, 06/10/24 തീയതിയിൽ ടിയാളുടെ ശൂന്യവേതനാവധി അവസാനിക്കാനിരിക്കെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അപേക്ഷ നൽകുകയും, ജില്ലാ മെഡിക്കൽ ഓഫിസറുടെ എ 5/2703/24 ജി.മെ.ഓ(കൊ) തീയതി 21/08/24 നമ്പർ ഉത്തരവ് പ്രകാരം ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകുകയും 04/09/24 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ 05/09/24 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതായി പരാമർശം 2 പ്രകാരം സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് പരാമർശം 3 പ്രാകാരം ടിയാളുടെ മേൽ വിലാസത്തിലേക്ക് കത്ത് നൽകിയെങ്കിലും Addressee left India എന്ന കാണിച്ച് കത്ത് തിരികെ ലഭിക്കുകയുണ്ടായി. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കുറ്റത്തിന് ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 1 പ്രകാരമുള്ള ഫയലിൽ രേഖപ്പെടുത്തിയിരുന്നു.

അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കുറ്റത്തിന് പരാമർശം 4 പ്രകാരം ടിയാളിനെതിരെ കുറ്റാരോപണ മെമ്മോ നൽകിയെങ്കിലും ആയത് സ്വീകരിക്കാതെ addressee left India എന്നെഴുതി മെമ്മോ തിരികെ ലഭിച്ചിട്ടുള്ളതായി പരാമർശം 5 പ്രകാരം സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് കുറ്റാരോപണ മെമ്മോ വിൻഡോ മാതൃകയിൽ പരാമർശം 6 പ്രകാരം പത്രമാധ്യമങ്ങളിൽ പ്രസിദ്ധികരിച്ചുവെങ്കിലും ശ്രീമതി മഞ്ജു.ആർ നേഴ്സിംഗ് ഓഫീസറിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവീസ്( തരം തിരിവും നിയന്ത്രണവും അപ്പീലും)ചട്ടം 15 പ്രകാരം അന്വേഷണം നടത്തുന്നതിന് തീരുമാനിച്ച് പരാമർശം 7 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുകയും അന്വേഷണ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേക്കും,പരാമർശം 8 പ്രകാരം അയച്ചുവെങ്കിലും addressee left India എന്നെഴുതി പോസ്റ്റൽ അധികാരികൾ തിരികെ അയച്ചു തന്നിട്ടുള്ളതായി സൂപ്രണ്ട് പരാമർശം 9 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

അന്വേഷണ ദിവസം സൂപ്രണ്ടിൻെറ പ്രതിനിധി അന്വേഷണ ഉദ്യോഗസ്ഥനെ മുമ്പാകെ ഹാജരായി അന്വേഷണ നോട്ടീസ് ടിയാരിയുടെ മേൽ വിലാസത്തിലേക്ക് അയച്ച് കൊടുത്തിട്ടുള്ളതായി മൊഴി നൽകി.തുടർന്ന് പുതുക്കിയ തീയതി വച്ച് അന്വേഷണ നോട്ടീസ് പരാമർശം 10 പ്രകാരം പത്ര മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുകയുണ്ടായി. അന്വേഷണ നോട്ടീസ് പത്ര മാധ്യമങ്ങളിൽ പ്രസിദ്ധികരിച്ചുവെങ്കിലും ടിയാളിൽ നിന്ന് യാതൊരു പ്രതികരണമോ അന്വേഷണത്തിൽ പങ്കെടുക്കുന്നതിന് അസൗകര്യമുള്ള കാര്യമോ രേഖാമൂലമോ അറിയിക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് ടിയാളിനെതിരെയുള്ള ഔദ്യോഗിക അന്വേഷണ റിപ്പോർട്ട് പരാമർശം 11 പ്രകാരം സമർപ്പിക്കുകയും,1960 ലെ കേരള സിവിൽ സർവീസ്( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ശ്രീമതി മഞ്ജു.ആർ നഴ്സിംഗ് ഓഫീസറിനെതിരെ വീണ്ടും അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കില്ലെന്നും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ശ്രീമതി മഞ്ജു.ആർ നഴ്സിംഗ് ഓഫീസറുടെ പ്രവൃത്തി ഗുരുതര കൃത്യവിലോപവും,ഔദ്യോഗിക ജോലിയിലുള്ള വീഴ്ച്ചയുമായതിനാൽ ടിയാരിയെ 05/09/2024 തീയതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം 12 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ആയത് കൈപറ്റാതെ നോട്ടീസ് തിരികെ ലഭിക്കുകയാണുണ്ടായത്.തുടർന്ന് പരാമർശം 13 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് വിൻഡോ മാതൃകയിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധികരിച്ചുവെങ്കിലും ടിയാളിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി മഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ ജില്ലാ ആശുപത്രി,കൊല്ലം അനധികൃതമയി ജോലിയ്ക്ക് ഹാജരാകാതിരുന്ന 05/09/24 തീയതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു..

ഡോ.അനിത.എ
ജില്ലാ മെഡിക്കൽ ഓഫീസർ.കൊല്ലം

സ്വീകർത്താവ്
ശ്രീമതിമഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ
ജില്ലാ ആശുപത്രി,കൊല്ലം